പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4975

21.10.2011 ൽ
മറുപടിയ്ക്ക്

## ഇൻഫോ പാർക്കിലെ നിയമവിരുദ്ധ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.റ്റി. ബൽറാം ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. ലൂഡി ലൂയിസ് ;<br>ശ്രീ. എം.പി. വിൻസെന്റ് ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗര കാര്യവും വകുപ്പ മന്ത്രി) |
| എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലകളിലും ഇൻഫോ പാർക്കിലും നിയമവിരുദ്ധമായി നിയമനങ്ങൾ നടന്നിരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഈ നിയമനങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ തയ്യാറാകുമോ;<br>സി) ഏതൊക്കെ നിയമനങ്ങളിലാണ് ആക്ഷേപം ഉയർന്നു വന്നിട്ടുള്ളത്; | (ബി) യും (സി) യും<br>ഐ.സി.റ്റി. അക്കാഡമി ഡയറക്ടർ, ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സെർട്ട് കേരള ഡയറക്ടർ എന്നീ തസ്തികകളിലെ നിയമനങ്ങളിന്മേൽ ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഇതിൽ ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച ആക്ഷേപം നിയമസഭാ സമിതി അന്വേഷിച്ചു- വരുകയുമാണ്. |
| ഡി) ഏതു തരത്തിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഡി) ഐ.സി.റ്റി. അക്കാഡമിയുടെ ഡയറക്ടറുടെ നിയമനം സംബന്ധിച്ച ആക്ഷേപം നിയമസഭാ സമിതി അന്വേഷിച്ചുവരുന്നു. സെർട്ട് കേരള ഡയറക്ടർ, ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുടങ്ങിയവരുടെ നിയമനം സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആക്ഷേപം സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ